# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2883.

13-03-2018 ൽ മറുപടിയ്ക്ക്

## നെൽകർഷകരെ സംരക്ഷിക്കുന്നതിനും നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ്
,, എൽദോസ് പി. കുന്നപ്പിള്ളിൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗ്രാമങ്ങളിൽ പാടത്ത് കൊയ്ത്തും മെതിയും നടത്തുവാൻ കർഷകത്തൊഴിലാളികളെ ലഭിക്കാത്തത് മൂലം നെൽകർഷകർ പ്രതിസന്ധിയിലാണെന്നത് വസ്തുതയാണോ; | (എ) | കൊയ്ത്തും മെതിയും നടത്തുവാൻ കർഷകത്തൊഴിലാളികളെ ലഭിക്കാത്തത് പ്രതിസന്ധിയുണ്ടാക്കാറുണ്ട്. |
| (ബി) | കുത്തനെ കൂടുന്ന കൃഷി ചെലവും കൂലി വർദ്ധനവും മൂലം സംസ്ഥാനത്തെ നെൽ കർഷകർ കൃഷി ഉപേക്ഷിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (ബി) | സംസ്ഥാന കൃഷി വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നൽകുന്ന സഹായത്തിന്റെ ഫലമായി സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തെയും പാടശേഖരങ്ങളിൽ ഒരു പരിധി വരെ യന്ത്രവത്കരണം സാധ്യമായിട്ടുണ്ട്. ഉല്പാദനോപാധികൾക്കുള്ള സബ്സിഡിയും കൂലിച്ചെലവ് സബ്സിഡിയും നൽകുക വഴി ഈ ഇനത്തിലെ ഭീമമായ ചെലവ് പിടിച്ചുനിറുത്താൻ സാധിക്കുന്നുണ്ട്. അഗ്രോ-സർവ്വീസ് സെന്ററുകളുടെ പ്രവർത്തനവും കാർഷിക കർമ്മസേനയുടെ സഹായവും ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്. ഇതിനും പുറമേ തൊഴിലുറപ്പ് പദ്ധതിയുടെ സഹായവും ഉപയോഗപ്പെടുത്തുന്നുണ്ട്. അതിനാൽ കർഷകർ കൃഷി ഉപേക്ഷിച്ചു പോകേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |
| (സി) | കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനവും കർഷക സമിതികളുടെ പ്രവർത്തനവും കൊണ്ട് ഈ മേഖലയ്ക്ക് | (സി) | തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനും കൃഷിപ്പണികളിൽ ഇടപെടുന്നതിനും വിവിധ കർഷകസംഘങ്ങൾ, |

| | | | |
|---|---|---|---|
| | എന്ത് ഉണർവ് നൽകുവാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ; | | കർഷക കൂട്ടായ്മകൾ എന്നിവ തയ്യാറായത് യുവാക്കളെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനു സഹായിച്ചു. പാടശേഖരസമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്താനും സംഘങ്ങൾ തമ്മിൽ ആരോഗ്യകരമായ ഒരു മത്സരം ഉണ്ടാക്കാനും കഴിഞ്ഞതിലൂടെ ഈ മേഖലയ്ക്ക് ഒരു ഉണർവ്വ് ഉണ്ടായിട്ടുണ്ട്. ലക്ഷ്യമിട്ടതിലും കൂടുതൽ തരിശുനിലം കൃഷി ചെയ്യാൻ സാധിച്ചതും മറ്റും ഈ ഉണർവ്വിന്റെയും കൂട്ടായ്മയുടെയും തെളി വാണ്. |
| (ഡി) | നെൽകൃഷിയുടെ വിസ്തൃതി വർഷംതോറും കുറഞ്ഞുവരുന്ന സാഹചര്യവും അരിക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷവും കണക്കിലെടുത്ത് നിലവിലുള്ള നെൽകൃഷിയെ എങ്കിലും സംരക്ഷിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള നിരന്തരമായ ഇടപെടലുകളും പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഒടുവിൽ നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറിൽ എത്തിക്കുക എന്നത് ലക്ഷ്യമാക്കിയുള്ള സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ